**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ചവർക്കെതിരെയുള്ള കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ് പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കുമെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ സംസ്ഥാനത്തുടനീളം പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | നവകേരള സദസ് പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കുമെതിരെ ജനാധിപത്യപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ ആർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.<br><br>മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ ആക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങൾ പ്രതിപക്ഷ സംഘടനാപ്രവർത്തകരിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ത്യൻ ശിക്ഷാ നിയമ ത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 349 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലായി 1491 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. |
| (ബി) | എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്രപേർ ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | നവകേരള സദസ് പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കുമെതിരെ ജനാധിപത്യപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ ആർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.<br><br>മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ ആക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങൾ പ്രതിപക്ഷ സംഘടനാപ്രവർത്തകരിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ത്യൻ ശിക്ഷാ നിയമ ത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 349 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലായി 1491 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | നവകേരള സദസ് പരിപാടിയുമായി ബന്ധപ്പെട്ട് എത്ര പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം കരുതൽ തടങ്കൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (സി) | **നവകേരള സദസ് പരിപാടിയുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിൽ പോലീസ് പാർപ്പിച്ചിട്ടില്ല.** |
| (ഡി) | പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് പ്രതിഷേധിച്ച പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ കയ്യേറ്റം ചെയ്തതിന്റെ പേരിൽ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ ചില പ്രതിഷേധ സമരങ്ങൾ അക്രമാസക്തമാകുകയും പരിപാടി കാണുവാനും പങ്കെടുക്കുവാനുമായി എത്തിയ നാട്ടുകാരും യുവജന സംഘടനാ പ്രവർത്തകരും മറ്റുമായി സംഘർഷം ഉണ്ടായിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഭരണാനുകൂല യുവജന സംഘടനാ പ്രവർത്തകർക്കെതിരെ 26 കേസുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട 39 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ